## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2020 — 11.6.2018- ൽ മറുപടിയ്ക്ക്

## ലോക കേരള സഭ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, കെ. രാജൻ<br>,, വി.ആർ. സുനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമായിട്ടുണ്ടോ; വിശദമാക്കുമോ; | എ) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വിദേശത്തുള്ള പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിനുവേണ്ടി പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിലാണ് ഉദ്ദേശിക്കുന്നത്. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉണ്ടാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.<br>2. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കും. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക |

വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുകയാണ് ലക്ഷ്യം

3. വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചുവന്നവരും മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിലുണ്ടാക്കും. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാകും. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

4. കേരള വികസന നിധി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിശ്ചിത തുകയുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽ നിന്ന് മടങ്ങി വരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവെയ്പ്പായിരിക്കും. ചർച്ചയിൽ ഉയർന്നുവന്ന ഈ നിർദ്ദേശത്തെ പ്രായോഗികമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

5. പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംരംഭകരാകാൻ തയ്യാറാകുന്നവരുമായി പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിനുമുമ്പ് തന്നെ ആശയവിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. നിക്ഷേപകർക്ക് ഏകജാലക

| | |
|---|---|
| | സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകാനും ഉദ്ദേശിക്കുന്നു.<br><br>6. പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം ഉണ്ടാക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.<br><br>മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ലോക കേരള സഭ ചർച്ച ചെയ്ത വിവിധ വിഷയങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 23.04.2018 തീയതിയിലെ 290/2018/നോർക്ക നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 വിഷയ മേഖല സ്റ്റാൻറിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ലോക കേരള സഭ തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനായി ലോക കേരള സഭ സെക്രട്ടറിയേറ്റ് രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| ബി) പ്രവാസികളിൽ മാരകരോഗം ബാധിക്കുന്നവർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടം സംഭവിക്കുന്നവർക്കും സംരക്ഷണവും സഹായവും നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | ബി) തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതിയിലൂടെ ഗുരുതര രോഗങ്ങൾക്കും മാരക രോഗങ്ങൾക്കും അടിമപ്പെട്ട് ചികിത്സയിൽ കഴിയുന്നവർക്കും അപകടം സംഭവിച്ച് ചികിത്സയിൽ കഴിയുന്നവർക്കും ധനസഹായം നല്കി വരുന്നുണ്ട്. പരമാവധി 50,000/- രൂപ വരെയാണ് സാന്ത്വന പദ്ധതിയിലൂടെ ചികിത്സാ ധനസഹായം നല്കുന്നത്. കൂടാതെ ചെയർമാൻ |

ഫണ്ടിലൂടെയും അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 1,00,000/- രൂപ ധനസഹായം നല്കി വരുന്നുണ്ട്. ഈ പദ്ധതികളിൻ കീഴിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴേയുള്ള പ്രവാസി മലയാളികളെ /കുടുംബാംഗങ്ങളെയാണ് സഹായത്തിനായി പരിഗണിക്കുന്നത്.

സെക്ഷൻ ഓഫീസർ